# 2024-ITERO-S—ദൂത് അഞ്ച്—ദൈവത്തിന്റെ ശ്വാസമെന്ന നിലയിൽ ദൈവവചനം ശ്വസിക്കുകയും നിശ്വസിക്കുകയും ചെയ്തുകൊണ്ട് പൂർണമായി സജ്ജമാക്കപ്പെട്ട ഒരു ദൈവമനുഷ്യനായിരിക്കുന്നത്

## ദൈവ ഹിതം—ദൈവ ശ്വാസമുള്ള ഒരു ദൈവമനുഷ്യൻ

**I. ദൈവം ആഗ്രഹിക്കുന്നത് ഒരു നല്ല മനുഷ്യനെയല്ല, മറിച്ച് ദൈവത്തിന്റെ ശ്വാസമുള്ള ഒരു ദൈവമനുഷ്യനെയാണ്**

- **മനുഷ്യനിലേക്കുള്ള ദൈവത്തിന്റെ ഒന്നാമത്തെ ഊതൽ മനുഷ്യനിൽ മനുഷ്യാത്മാവ് ഉളവാക്കി**
  - ഉല്പ.2:7-ലെ ദൈവത്തിന്റെ ജീവശ്വാസം, ദൈവത്തിന്റെ ആത്മാവിനോട് വളരെ സാമ്യമുള്ള മനുഷ്യന്റെ ആത്മാവ് ആയിത്തീർന്നു
  - മനുഷ്യാത്മാവിന് ദൈവത്തെ ബന്ധപ്പെടുവാനും ദൈവവുമായി ഒന്നാകുവാനും കഴിയും

- **മനുഷ്യനിലേക്കുള്ള ദൈവത്തിന്റെ രണ്ടാമത്തെ ഊതൽ മനുഷ്യനിൽ പരിശുദ്ധാത്മാവിനെ പകർന്നു**
  - യോഹ. 20:22-ലെ ശ്വാസം പരിശുദ്ധ ന്യൂമ പരിശുദ്ധ ആത്മാവ്, അഥവാ പരിശുദ്ധശ്വാസമാണ്
  - കർത്താവ് നമ്മുടെ ആത്മാവിലേക്ക് പകർന്ന വിശുദ്ധ ശ്വാസം നമ്മുടെ ആത്മാവിനെ ജീവിപ്പിച്ചു

- **ഇന്ന് നമുക്ക് എപ്പോഴും ലഭ്യമായ ദൈവത്തിന്റെ ഉച്ഛ്വാസം**
  - ദൈവവചനമായ തിരുവെഴുത്ത് ദൈവശ്വാസീമാണ് അഥവാ ദൈവത്തിന്റെ ഉച്ഛ്വാസമാണ്
  - ദൈവത്തിന്റെ സംസാരം അവന്റെ ഉച്ഛ്വാസമാണ്; അതിനാൽ, അവന്റെ വചനം ആത്മാവ് അഥവാ ശ്വാസമാണ്

- **ദൈവത്തിന്റെ ശ്വാസത്താൽ നിറയപ്പെട്ട മനുഷ്യനാകുവാനുള്ള പ്രായോഗിക മാർഗ്ഗം**
  - ദൈവത്തിന്റെ ശ്വാസത്താൽ പൂർണമായി സജ്ജമാക്കപ്പെട്ട ഒരു ദൈവ-മനുഷ്യനായിരിക്കുന്നതിന് ആവശ്യമായ മൂന്ന് കാര്യങ്ങൾ
    - നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുക
    - ദൈവാത്മാവിനെ നിരന്തരം സ്വീകരിക്കുക
    - ദൈവവചനത്തെ ശ്വസിക്കുക

## ദൈവ വചനം നമ്മോട് ഇടപെടുവാൻ

**II. ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും പൂർണമായി സജ്ജമാക്കപ്പെട്ടവനായി തികഞ്ഞവനാകേണ്ടതിന് ദൈവവശ്വാസീമായ തിരുവെഴുത്ത് പ്രയോജനമുള്ള താകുന്നു**

- **ബൈബിൾ ദൈവത്തിന്റെ ശ്വാസമാണ്, ഈ ശ്വാസം ആത്മാവാണ്, ആത്മാവ് ജീവൻ നൽകുന്നു**
  - ദൈവത്തെ ശ്വസിക്കുവാൻ വചനം നാം പ്രാർത്ഥന-വായന ചെയ്യണം. ദൈവത്തെ മറ്റുള്ളവരിലേക്ക് ഉച്ഛ്വസിക്കുവാൻ വചനത്തെ ആത്മാവായി ശുശ്രൂഷിക്കണം

- **ദൈവത്തിന്റെ വശത്ത്, ബൈബിൾ ദൈവത്തിന്റെ ശ്വാസമാണ്; നമ്മുടെ വശത്ത്, ബൈബിൾ ഉപദേശത്തിനും, കുറ്റം ബോധ്യപ്പെടുത്തുന്നതിനും, തിരുത്തലിനും, നീതിയിലുള്ള നിർദേശത്തിനും എന്ന നാല് കാര്യങ്ങളിൽ നമ്മുടെ ലാഭത്തിനായി ദൈവത്തിന്റെ ശ്വാസം സ്വീകരിക്കുന്നതിനാണ്**
  - **ഉപദേശിക്കുന്നത്** മൂടുപടം നീക്കി വെളിപാട് പകരുന്നതാണ്
  - **കുറ്റം ബോധ്യപ്പെടുന്നത്** മൂടുപടം നീങ്ങി നാം കണ്ട വെളിപാടിൽ നിന്നും നമ്മിലെ പ്രതിലോമ കാര്യങ്ങളെ തിരിച്ചറിയുന്നതിലൂടെ സംഭവിക്കുന്നു
  - **തിരുത്തൽ** കുറ്റം ബോധ്യപ്പെടുന്നതിലൂടെ തെറ്റായതിനെ നേരായ അവസ്ഥയിലേക്ക് പുനഃസ്ഥാപിക്കുന്നു
  - **നീതിയിലുള്ള നിർദേശം** മേല്പറഞ്ഞ മൂന്ന് കാര്യങ്ങൾ അനുഭവമാക്കുന്നതിലൂടെ ദൈവത്തോടും മനുഷ്യരോടും നിരപ്പാകേണ്ടതിനും നേരാകേണ്ടതിനുമായി ദിവ്യമായി ശിക്ഷണമേൽക്കുന്നതാണ് നീതിയിലുള്ള നിർദേശം

- **ഈ നാല് കാര്യങ്ങൾ ലഭിക്കുന്നതിലൂടെ ദൈവ-മനുഷ്യരായിത്തീരുന്നതിനു വേണ്ടി പ്രാർഥനയോടെ തിരുവെഴുത്ത് വായിച്ചുകൊണ്ട് നാം ത്രിയേകദൈവത്തെ നിരന്തരം ശ്വസിച്ചുകൊണ്ടിരിക്കണം**

## ദൈവ വചനം പ്രതിയോഗിയോട് ഇടപെടുവാൻ

**III. ദൈവത്തിന്റെ വചനം ദൈവത്തിന്റെ ശ്വാസമായി സ്വീകരിക്കുക എന്നത്, ദൈവത്തിന്റെ പ്രതിയോഗിയെ കൊല്ലാൻ ആത്മാവിന്റെ വാളായി ദൈവവചനം സ്വീകരിക്കുന്നതാണ്**

- നമ്മുടെ ഉള്ളിലെ പ്രതിയോഗിയായ സാത്താനോട് ഇടപെടുവാൻ ബൈബിളിലെ സ്ഥിര വചനത്തിന്മേൽ പ്രാർഥിച്ചുകൊണ്ട് വചനത്തിലെ കൊല്ലുന്ന ശക്തി നാം അനുഭവിക്കേണ്ടതുണ്ട്, അങ്ങനെ അത് ആത്മാവിന്റെ തൽക്ഷണ വചനമായി തീരുന്നു

- വാളും ആത്മാവും വചനവും ഒന്നാണ്; ബൈബിളിലെ സ്ഥിരമായ വചനം തൽക്ഷണ വചനമായി മാറുമ്പോൾ, ആ വചനം പ്രതിയോഗിയെ കൊല്ലുന്ന വാളെന്ന നിലയിൽ ആത്മാവാണ്

- പ്രാർഥനാ വായനയിലൂടെ നമ്മുടെ ആളത്തത്തിലെ പ്രതിലോമ മൂലകങ്ങൾ കൊല്ലപ്പെടുന്നു; അപ്പോൾ കർത്താവ് വിജയിക്കുന്നു

- ആരോഗ്യകരമായ ശരീര ജീവിതം, ഒരു സഭാ ജീവിതം നയിക്കുവാൻ നമ്മുടെ ഉള്ളിലെ "അണുക്കളെ" കൊല്ലുവാനുള്ള ആത്മിക ആന്റിബയോട്ടിക്കായ, കൊല്ലുന്ന വാളായ ആത്മാവെന്ന നിലയിൽ വചനം കൈക്കൊള്ളണം

- ജയാളികൾ കർത്താവിന്റെ വചനം കാക്കുന്നത്, എല്ലായ്പ്പോഴും കർത്താവിന്റെ അടുക്കൽ വന്ന് അവനെ എഴുതപ്പെട്ട വചനത്തിലെ ജീവനുള്ള വചനമെന്ന നിലയിൽ അവനെ ബന്ധപ്പെടുന്നതിലൂടെയാണ്

- ജയാളികൾ ദൈവവചനമെന്ന നിലയിൽ ആത്മാവിനാൽ പൂർണമായി സംരചിക്കപ്പെട്ടിരിക്കുന്നു